# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 201. 26.03.2013 ൽ മറുപടിയ്ക്ക്.

<u>വാഹനങ്ങൾക്ക് ഹരിത സെസ്</u>

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>,, വി.എസ്. സുനിൽകുമാർ<br>,, വി. ശശി<br>,, ഇ.കെ. വിജയൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) പത്ത് വർഷത്തിലേറെ പഴക്കമുള്ള വാഹനങ്ങൾക്ക് ഹരിത സെസ് ചുമത്തണമെന്ന് ഇ.ശ്രീധരൻ അദ്ധ്യക്ഷനായുള്ള ആസൂത്രണബോർഡ് ഉപസമിതി ശുപാർശ ചെയ്തിട്ടു ണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഈ സമിതിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | 1. റോഡു നിർമ്മാണത്തിനുള്ള സാങ്കേതിക നിലവാരവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുക.<br>2. ഒരു ഹൈവേ ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുക.<br>3. പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗത്തിന്റെ തൊഴിൽ സംസ്കാരം മെച്ചപ്പെടുത്തുക.<br>4. ധന വിഭവങ്ങൾ സമാഹരിക്കുന്നതിലെ അപാകതകൾ പരിഹരിക്കുക.<br>5. ഹൈവേ ഡെവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കുക.<br>6. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.<br>7. അന്തരീക്ഷ മലിനീകരണം തടയുന്നതിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും ഇപ്പോൾ ഓടിച്ചുകൊണ്ടിരിക്കുന്നതുമായ 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള എല്ലാ വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് (ഹരിത സെസ്) ഏർപ്പെടുത്തുക, സെക്കന്റ് ഹാന്റ് വാഹനങ്ങളുടെ കച്ചവടം നടക്കുമ്പോൾ വില്പന വിലയുടെ 5% നികുതി ചുമത്തുക, ഡ്രൈവിംഗ് ലൈസൻസ് ഫീസും |

| | | |
|---|---|---|
| | | മോട്ടോർ വാഹന നിയമം ലംഘിക്കുന്നവർക്കുള്ള പെനാൽറ്റി തുകയും ഇരട്ടിയാക്കുക തുടങ്ങിയവയാണ് പ്രധാന ശുപാർശകൾ. |
| (സി) പ്രസ്തുത ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള തുടർ നടപടികൾ സംസ്ഥാന ആസൂത്രണ ബോർഡ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.